(ബി) പെൻഷൻ പറ്റിയിട്ടുള്ളവരെ വീണ്ടും നിയമിക്കുമ്പോൾ അവരുടെ പെൻഷനും, ഇപ്പോഴത്തെ ഉദ്യോഗത്തിനുള്ള ശമ്പളവും ലഭിക്കുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ :

(എ) ഗസറ്റഡ് ഉദ്യോഗസ്ഥന്മാർ 9, അതിൽ തിരുവിതാംകൂറിൽ നിന്നും പെൻഷൻ പറ്റിയവർ 8, കൊച്ചിയിൽനിന്നു പെൻഷൻ പറ്റിയവർ 1. ഗസറ്റഡ് അല്ലാത്ത ഉദ്യോഗസ്ഥന്മാരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

(ബി) ഉണ്ടു്.

ജലദൌർലഭ്യം

*൨൩൪ (൪൨) ശ്രീമതി ദേവകിഗോപിദാസു് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുജനാരോഗ്യ വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ?

കോട്ടയം പട്ടണത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഭയങ്കരമായ ജല ദൌർലഭ്യത്തെ പരിഹരിക്കുന്നതിനു് ഗവൺമെന്റിനു് എന്തെങ്കിലും ശരിയായ പദ്ധതി ഉണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : കോട്ടയത്തു ജലവിതരണ പദ്ധതിക്കുള്ള സാദ്ധ്യതകൾ എത്രമാത്രമുണ്ടെന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ഗവൺമെന്റു് അതിനെപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കുകയാണു്. ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുന്നു.

ഗവൺമെന്റിൽനിന്നും നടത്തിയിട്ടുള്ള നിയമനങ്ങൾ

*൨൩൫ (൪൩) ശ്രീമതി ദേവകി ഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) പബ്ലിക്കു് സർവ്വീസു് കമ്മീഷനെ നിയമിച്ചതിനുശേഷം ഗവൺമെന്റിൽ നിന്നും നേരിട്ടു നടത്തിയിട്ടുള്ള നിയമനങ്ങൾ എത്രയെന്നു് പറയുവാൻ ദയവുണ്ടാകുമോ?

(ബി) അപ്രകാരമുള്ള നിയമനത്തിൽ, പബ്ലിക്കു് സർവ്വീസു് കമ്മീഷനുമായി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് :

(എ) പബ്ലിക്കു് സർവ്വീസു് കമ്മീഷന്റെ രൂപവൽക്കരണത്തിനുശേഷം കമ്മീഷനുമായി ആലോചിക്കാതെ ഗവൺമെന്റിൽ നിന്നും നേരിട്ടു് സ്ഥിരനിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീമതി ദേവകി ഗോപിദാസു് : സ്ഥിരമില്ലാത്ത നിയമനങ്ങൾ നടത്തുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : അടിയന്തിരാവശ്യം വരുന്ന പക്ഷത്തിൽ ചിലപ്പോൾ ഗവൺമെന്റുതന്നെ നിയമനം നടത്താറുണ്ടു്.

ശ്രീ. ഈപ്പൻ അറക്കൽ : പബ്ലിക്കുസർവ്വീസു് കമ്മീഷനുമായി ആലോചിക്കാതെ തന്നെ ചില നിയമനങ്ങൾ നടത്താൻ ഗവൺമെന്റിനു അധികാരമില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : ചില നിയമനങ്ങൾ ഗവൺമെന്റിനുതന്നെ നേരിട്ടു നടത്താവുന്നതാണു്.

ശ്രീ. സി. വി. ഐയ്യു : മുൻ പറഞ്ഞ അടിയന്തിരാവശ്യം പ്രമാണിച്ചു് ഗവൺമെന്റു് ഇതിനകം എത്ര നിയമനങ്ങൾ നടത്തി?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീമതി ദേവകി ഗോപിദാസു് : സർക്കാർ വക്കീലന്മാരെ നിയമിക്കുന്ന കാര്യത്തിൽഗവൺമെന്റിനു് പബ്ലിക്കു സർവ്വീസു് കമ്മീഷനുമായി ആലോചിക്കേണ്ട കാര്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഇല്ല.

ശ്രീ. ഈപ്പൻ അറക്കൽ : ഈ സംസ്ഥാനത്തെ യാതൊരു നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കാതെ നടത്താൻ പാടില്ലെന്നാണോ പറയുന്നത്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : മിക്കവാറും എല്ലാ ഡിപ്പാർട്ടുമെൻറൽ നിയമനങ്ങളും പബ്ലിക്ക സർവ്വീസ് കമ്മീഷനുമായി ആലോചിക്കാതെ ഗവൺമെണ്ടു് നടത്തുന്നതല്ല. പെട്ടെന്നുള്ള ആവശ്യം വന്നാൽ ഒരു പക്ഷെ ഗവൺമെണ്ടു് നേരിട്ടു നിയമനം നടത്തുമെങ്കിലും പിന്നീടു അതു പബ്ലിക്കസർവ്വീസ് കമ്മീഷനെ അറിയിക്കുന്നതാണു്.

ശ്രീ. ഈപ്പൻ അറക്കൽ : പബ്ലിക്കസർവ്വീസ് കമ്മിഷന്റെ ഉപദേശ പ്രകാരമല്ലാതെ യാതൊരു നിയമനവും നടത്താൻ പാടില്ലെ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതാണല്ലൊ പറഞ്ഞതു്. ഗവൺമെണ്ടിനു നിയമിക്കാം. പക്ഷെ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ മാത്രമെ അങ്ങനെ നിയമനം നടത്തുകയുള്ളു.

ഇൻഡ്യാഗവൺമെണ്ടിന്റെ അനുവാദത്തോടു കൂടി നിയമനങ്ങൾ

* 1176 (88) ശ്രീമതി ദേവകി ഗോപിദാസ് ; താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ?

തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനു ശേഷം, നടത്തിയിട്ടുള്ള ഏതെങ്കിലും നിയമനം ഇൻഡ്യാ ഗവൺമെണ്ടുമായി ആലോചിച്ചും അനുവാദം വാങ്ങിയും നടത്തിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ചില പ്രധാനപ്പെട്ട ഉദ്യോഗ നിയമനങ്ങളെപ്പറ്റി ഇൻഡ്യാ ഗവൺമെണ്ടിനോടു് ആലോചിച്ചിട്ടുണ്ടു്.

ശ്രീമതി ദേവകി ഗോപിദാസ് : ഏതെങ്കിലും നിയമനത്തിനു് ഇൻഡ്യാഗവൺമെണ്ടു് അനുമതി തരാറുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അനുവാദം തരേണ്ട ആവശ്യമില്ല. ആലോചിക്കുകയെയുള്ളു.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : ഏതെല്ലാം നിയമനങ്ങളാണു് ഇൻഡ്യാഗവൺമെണ്ടുമായി ആലോചിക്കുന്നതു്?

Sri. E. John Philipose : It is not possible to say that now.

ശ്രീ. ഈപ്പൻ അറക്കൽ : ഡിസ്ട്രിക്ടു് ജഡ്ജിമാരുടെ നിയമനത്തിനു് ഇൻഡ്യാഗവൺമെണ്ടുമായി ആലോചിക്കണമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ആലോചിക്കേണ്ട ആവശ്യമില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : പിന്നെ ഏതെല്ലാം നിയമനങ്ങളെപ്പറ്റിയാണു് ആലോചിക്കേണ്ടതു്.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. that will depend on the constitutional provisions.

ശ്രീ. എ. താണുപിള്ള : കാൺസ്റ്റിറ്റിയൂഷൻ വന്നതിനു് ശേഷമോ, അതിനുമുൻപോ ഈ ഗവൺമെണ്ടു് ഇൻഡ്യാ ഗവൺമെണ്ടുമായി ഇതിനെപ്പറ്റി ആലോചിച്ചിട്ടുള്ളതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഇൻഡ്യൻ കോൺസ്റ്റിറ്റിയൂഷൻ വന്നതിനു ശേഷം അങ്ങനെയൊരു നിയമനം നടത്തേണ്ട ആവശ്യം ഈ ഗവൺമെണ്ടിനുണ്ടായിട്ടില്ല.

ശ്രീ. എ. താണുപിള്ള : അപ്പോൾ ഇൻഡ്യൻ കാൺസ്റ്റിറ്റിയൂഷൻ വരുന്നതിനു മുൻപു് ഇതേപ്പറ്റി ഇൻഡ്യാ ഗവൺമെണ്ടുമായി ആലോചിക്കേണ്ട ആവശ്യമുണ്ടായിരുന്നോ?

Sri. E. John Philipose : It is in the discretion of the Government.

LIBRARY ARCHIVES Kerala Legislative Assembly